**615**

നന്ദിയാലെൻ മനം പാടിടും മന്നവൻ
യേശുവെ വാഴ്ത്തിടും
എന്നെയും തേടിവന്നെത്തിയ
ഉന്നതന്റെ സ്നേഹമെന്നുമോർത്തിടും

1 വഴിയേതെന്നറിയാതോടുമ്പോൾ
വരികെന്നരികെ എന്നുരച്ച നാഥനാം
വല്ലഭന്റെ നാദമെന്റെ മുന്നിലഭയമായന്ന്
വന്നരികിൽ എന്തുമോദമായ്-

2 കൂരിരുളേറിടുന്ന പാതയിൽ
കൂടെയുണ്ടെന്ന വാക്കു തന്ന നല്ല രക്ഷകൻ
ഇന്നലെയുമിന്നുമെന്നുമന്യനല്ല
എന്റെ യേശു ചൊന്ന വാക്കെനിക്കു പിൻബലം-

3 മന്നിലേറിടുന്ന ഭാരം തീർന്നിടും
കണ്ണുനീരുമാകവേയവൻ തുടച്ചുനീക്കിടും
ഹല്ലേലുയ്യാ പാടിടും തന്നരികിൽ ചേർത്തിടും
എല്ലാനാളും പാടി ആർത്തിടും- **I.M.**